| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനഞ്ചാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3762 | 17/12/2015 ൽ മറുപടിക്ക് |
| ബാർകോഴ കേസ് | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.പി.കെ.ഗുരുദാസൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ബാർ കോഴ കേസിൽ വിജിലൻസ് ഡയറക്ടറെ രൂക്ഷമായി വിമർശിച്ച, വിജിലൻസ് കോടതി ഉത്തരവിനെതിരെ ഹൈക്കോടതിയിൽ റിവിഷൻ ഹർജി നൽകാൻ അനുമതി നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. സർക്കാരിന്റെ അനുമതിയോടെയാണ് റിവിഷൻ ഹർജി ബഹു.ഹൈക്കോടതിയിൽ നൽകിയത്. |
| (ബി) | സ്വകാര്യ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രതിയെ കുറ്റവിമുക്തമാക്കിയ വിജിലൻസ് ഡയറക്ടറുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കാതെ, കോടതി ഉത്തരവിനെതിരെ റിവിഷൻ ഹർജി നൽകാൻ അനുമതി നൽകിയ നടപടി നിയമം അനുശാസിക്കുന്ന തരത്തിലാണോ ; വിശദമാക്കുമോ ; | (ബി) | സ്വകാര്യ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ, കുറ്റാരോപിതനായ വ്യക്തിയെ കുറ്റവിമുക്തനാക്കിയിട്ടില്ല. ബഹു.വിജിലൻസ് കോടതിയുടെ വിധിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനത്തെ തന്നെ ബാധിക്കുന്ന തരത്തിൽ വിജിലൻസ് ഡയറക്ടറുടെ അധികാരത്തെകുറിച്ച് പരാമർശമുണ്ടായിരുന്നു. ഇത് നീക്കുന്നതിനുവേണ്ടി സർക്കാരിന്റെ അനുമതിയോടെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ബഹു.ഹൈക്കോടതിയിൽ ക്രിമിനൽ ഒ.പി. ഫയൽ ചെയ്യുകയുണ്ടായി. ഇതിൻമേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ വിജിലൻസ് മാനുവൽ ഖണ്ഡിക 72(1) പ്രകാരവും സി.ആർ.പി. സി സെക്ഷൻ 158(2) പ്രകാരവും യഥാസമയം അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശങ്ങൾ നൽകാമെന്ന് ഉത്തരവായിട്ടുണ്ട്. കീഴ് ക്കോടതിയുടെ പരാമർശം നീക്കിയിട്ടുണ്ട്. |
| (സി) | വിജിലൻസ് ഡയറക്ടർ ഇക്കാര്യത്തിൽ സ്വകാര്യ നിയമോപദേശം തേടുന്നതിനു മുമ്പ് അഡ്വക്കേറ്റ് ജനറലിന്റെ അനുമതി വാങ്ങിയിരുന്നുവോ ; സ്വകാര്യ നിമോപദേശം നൽകിയവർക്ക് ഫീസ് ഇനത്തിൽ നൽകേണ്ടതായ മൊത്തം തുക എത്രയെന്നു വ്യക്തമാക്കുമോ ? | (സി) | ഇല്ല. 7,70,000/- രൂപയാണ് നൽകേണ്ടത്. |

സെക്ഷൻ ഓഫീസർ